
# ബൂത്ത് ലെവൽ ഓഫീസർ

# ഇ-പത്രിക




## വാല്യം 5

# അവതാരിക

2022 സെപ്തംബർ 14ന്
ബഹുമാനപ്പെട്ട തിരഞ്ഞെടുപ്പ് കമ്മീഷൻ ഉദ്ഘാടനം ചെയ്തതിന് ശേഷം ദ്വിമാസ ബിഎൽഒ ഇ-പത്രികയുടെ നാല് പതിപ്പുകൾ വിജയകരമായി പ്രസിദ്ധീകരിച്ചു. തുടക്കം മുതൽ തന്നെ ബിഎൽഒമാരെ അവരുടെ ജോലിയിൽ കൂടുതൽ പ്രാവീണ്യരാക്കാനും ബോധവത്ക്കരിക്കാനും പ്രചോദിപ്പിക്കാനും ഞങ്ങൾ ശ്രമിച്ചു.

മുൻ പതിപ്പുകളിൽ ബിഎൽമാരുടെ കടമകളും ഉത്തരവാദിത്തങ്ങളും ഞങ്ങൾ വിശദമായി തന്നെ വിവരിച്ചിരുന്നു. അതോടൊപ്പം തന്നെ , ബിഎൽഒയുമൊത്തുള്ള സംഭാഷണങ്ങളും താഴെത്തട്ടിൽ നിന്നുള്ള ശ്രദ്ധേയമായ കഥകളും ഇന്ത്യൻ ജനാധിപത്യത്തിലെ 10.37 ലക്ഷത്തോളം വരുന്ന കാലാൾപ്പടയെ പ്രചോദിപ്പിക്കുന്നതിനായി ഞങ്ങൾ പ്രസിദ്ധീകരിച്ചിരുന്നു.

ഈ പതിപ്പിൽ, ബിഎൽഒമാരെ അവരുടെ പ്രാഥമിക ഉത്തരവാദിത്ത ങ്ങളെക്കുറിച്ച് ഓർമ്മപ്പെടുത്തുന്നതിന് കോമിക് ശൈലിയിലുള്ള കഥപറച്ചിൽ തിരഞ്ഞെടുക്കാൻ ഞങ്ങൾ തീരുമാനിച്ചു. ഇത് ബൂത്ത് ലെവൽ ഓഫീസർമാർക്ക് അത്യന്തം ഉത്സാഹജനകവും ലളിതവും വിജ്ഞാനപ്രദവും ആയിരിക്കും.

വോട്ടർ രജിസ്ട്രേഷൻ, വോട്ടർ പട്ടികയുടെ ശുദ്ധീകരണം, ഭിന്നശേഷിക്കാരെ ഉൾപ്പെടുത്തൽ, EPIC–ആധാർ ലിങ്കിങ് തുടങ്ങി ഒരു ബിഎൽഒ വോട്ടർമാരുമായി ആശയവിനിമയം നടത്തേണ്ടി വരുന്ന വിഷയങ്ങളാണ് പുതിയ പതിപ്പിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.


## എഡിറ്റോറിയൽ കമ്മിറ്റി

**എൻ.എൻ. ബ്യൂട്ടോലിയ**
സീനിയർ പ്രിൻസിപ്പൽ സെക്രട്ടറി
( ഇലക്ടറൽ റോൾ)

**അശോക് കുമാർ**
ഡയറക്ടർ (IT)

**കുൽദീപ് കുമാർ സഹരാവത്ത്**
ഡയറക്ടർ (ട്രെയിനിംഗ്), IIIEDM

**എസ്.സുന്ദർ രാജൻ**
ഡയറക്ടർ (EVM)

**ദീപാലി മസിർക്കർ**
ഡയറക്ടർ
(ഇലക്ഷൻ പ്ലാനിങ്)

**സന്തോഷ് അജ്മീര**
ഡയറക്ടർ (SVEEP)
മെമ്പർ കൺവീനർ

## എഡിറ്റോറിയൽ ടീം

**ആർ കെ സിംഗ്**
കോർഡിനേറ്റർ (SVEEP)

**അനുജ് ചന്ദക്**
ജോയിന്റ് ഡയറക്ടർ (SVEEP)

**നൂപൂർ പ്രവീൺ**
കമ്യൂണിക്കേഷൻ കൺസൾട്ടന്റ്

**ഇഷാ ഖാൻ**
ഗ്രാഫിക് ഡിസൈനർ

## പുതിയ വോട്ടറെ ബിഎൽഒ രജിസ്റ്റർ ചെയ്യിക്കുന്നു




രണ്ടാളും? ഇളയവൻ ഇപ്പോഴും പ്രായപൂർത്തിയായിട്ടില്ല, മുകേഷിനെ സംബന്ധിച്ചിടത്തോളം, വോട്ടർ രജിസ്ട്രേഷൻ ഒരു ബുദ്ധിമുട്ടുള്ള പ്രക്രിയയാണെന്ന് തോന്നുന്നു, ഇതിന് തിരഞ്ഞെടുപ്പ് ഓഫീസിൽ പോകാൻ ആർക്കാണ് സമയം!?
ഇത് സംബന്ധിച്ച് ഇസിഐ പുതിയ രണ്ട് വ്യവസ്ഥകൾ കൊണ്ടുവന്നിട്ടുണ്ട് മാഡം. വോട്ടേഴ്സ് സർവീസ് പോർട്ടൽ വഴി ഓൺലൈനായി ഫോം 6 പൂരിപ്പിക്കാം. അല്ലെങ്കിൽ നിങ്ങളുടെ ബിഎൽഒയോട് ഫോം ചോദിച്ച് ഒരാൾക്ക് 17 വയസ്സ് തികയുമ്പോൾ തന്നെ വോട്ടർ രജിസ്ട്രേഷനായി അപേക്ഷിക്കാം. അപേക്ഷകന് 18 വയസ്സ് തികയുമ്പോൾ, അവർ സ്വയമേവ വോട്ടർ പട്ടികയിൽ ഉൾപ്പെടുന്നതാണ്.
BL
ഓ! പുതിയ സംവിധാനങ്ങളെക്കുറിച്ച് ഞങ്ങൾ അറിഞ്ഞിരുന്നില്ല!
അതായത് എന്റെ സഹോദരന് ഒരു വോട്ടറാവാൻ ഇപ്പോഴെ അപേക്ഷിക്കാം അല്ലേ?
വൗ! പക്ഷെ എന്താണ് മറ്റൊരു വ്യവസ്ഥ മിസ്റ്റർ ബിഎൽഒ?

എല്ലാ വർഷവും ജനുവരി 1, ഏപ്രിൽ 1, ജൂലൈ 1, ഒക്ടോബർ 1 എന്നിവയാണ് വോട്ടർ രജിസ്ട്രേഷനുള്ള യോഗ്യതാ തീയതികൾ. അതായത് നിങ്ങൾക്ക് 18 വയസോ അതിന് മുകളിലോ ആണെങ്കിൽ ഈ യോഗ്യതാ തീയതികളിൽ എന്ന് വേണമെങ്കിലും നിങ്ങൾക്ക് വോട്ടറായി രജിസ്റ്റർ ചെയ്യാം.



# വോട്ടർ പട്ടികയിൽ നിന്ന് മരണപ്പെട്ട വോട്ടർമാരെ ബിഎൽഒ നീക്കം ചെയ്യുന്നു










അവിനാഷ് ആവശ്യമായ ഫോമുകൾ പൂരിപ്പിച്ച് ആവശ്യമായ രേഖകൾ സഹിതം ബിഎൽഒയ്ക്ക് സമർമിപ്പിച്ചു.



# വോട്ടർ പട്ടികയിലെ പേര്/അക്ഷരം/സ്ഥലം എന്നിവ ബിഎൽഒ തിരുത്തുന്നു




ഞാൻ ഇവിടേക്ക് താമസം മാറിയത് ഈ അടുത്ത കാലത്താണ്. വോട്ടർ പട്ടികയിലെ എന്റെ വിലാസം എങ്ങനെ മാറ്റാൻ സാധിക്കും? കൂടാതെ എന്റെ വോട്ടർ ഐഡികാർഡ് പുതിയ മേൽവിലാസം ഉൾപ്പെടുത്തി എങ്ങനെ മാറ്റാൻ കഴിയും?
വോട്ടർ പട്ടികയിലെ എന്റെയും എന്റെ അച്ഛന്റെയും പേരുകളിൽ അക്ഷരത്തെറ്റുകളുണ്ട്. അതെങ്ങനെ തിരുത്താൻ സാധിക്കും?
എന്റെ അച്ഛന് അടുത്തിടെ ഗുരുതരമായ ഒരു അപകടം സംഭവിച്ചു. അദ്ദേഹത്തിന്റെ ഇടത് കണ്ണിന്റെ കാഴ്ച നഷ്ടമായി. അദ്ദേഹത്തെ ഭിന്നശേഷിക്കാരനായി രേഖപ്പെടുത്തേണ്ടതുണ്ടോ?


നിങ്ങളെല്ലാവരും ഞാൻ പ്രത്യേകമായി നൽകുന്ന ഫോം 8 പൂരിപ്പിച്ച് നൽകിയാൽ മതിയാവും.
പൂരിപ്പിച്ച ഫോറങ്ങൾ എന്നെ ഏൽപ്പിക്കുകയാണെങ്കിൽ, ശിപാർശ സഹിതം വോട്ടർ പട്ടികയിൽ ആവശ്യമായ ഭേദഗതികൾ വരുത്തുന്നതിനായി ഇആർഒയ്ക്ക് കൈമാറുന്നതാണ്.
BLO
Saksham-ECI
Election Commission of India
Towards Accessible Elections
താങ്കൾക്ക് എപ്പോൾ വേണമെങ്കിലും ബൂത്ത് സന്ദർശിക്കാവുന്നതോ അല്ലെങ്കിൽ എന്റെ ഗൃഹ സന്ദർശനത്തിനായി കാത്തിരിക്കാവുന്നതോ ആണ്. കൂടാതെ താങ്കൾക്ക് മറ്റൊരു മാർഗം കൂടിയുണ്ട്. ഭിന്നശേഷിക്കാർക്കായി ഇലക്ഷൻ കമ്മീഷൻ വികസിപ്പിച്ച സക്ഷം ആപ്പ് ഡൗൺലോഡ് ചെയ്യാം. ഇതുവഴി ഒരാളെ ഭിന്നശേഷിക്കാരനായി രേഖപ്പെടുത്തുന്നതിന് അപേക്ഷിക്കാവുന്നതാണ്. ഈ ആപ്പ് വളരെ ലളിതവും ഭിന്നശേഷി സൗഹൃദവുമാണ്.


ഓ! ഇത് വളരെ എളുപ്പമാണ്.
ഇപ്പോൾ എനിക്ക് മനസിലായി.
ബിഎൽഒ താങ്കളാണ് ശരി.
നന്ദിയുണ്ട് സാർ.
മനസിലായി.
നിങ്ങൾക്ക് ഏവർക്കും സ്വാഗതം. കൂടുതൽ സംശയ നിവാണത്തിന് ഞാൻ എവിടെയുണ്ടാവുമെന്ന് നിങ്ങൾക്ക് അറിയാമല്ലോ?
പോളിങ് ബൂത്തിലുണ്ടാവും.
ആർക്കെങ്കിലും തന്റെ സേവനം ആവശ്യമുണ്ടോയെന്ന് പരിശോധിച്ച ശേഷം ബിഎൽഒ തെരുവിലൂടെ നടന്നുപോയി.
അന്ന് ദിവസത്തെ ഗൃഹ സന്ദർശനം പൂർത്തിയാക്കി ബിഎൽഒ പോളിങ് ബൂത്തിൽ തിരിച്ചെത്തി.
തന്റെ സേവനം തേടിയെത്തുന്ന വോട്ടർമാർക്കായി ബിഎൽഒ അവിടെ കാത്തിരിക്കും.

# ബിഎൽഒ പോളിങ് ബൂത്തിൽ

